**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2126** **11-10-2021 - ൽ മറുപടിയ്ക്ക്**

**മാനസികാരോഗ്യ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മാനസിക വൈകല്യമുള്ളവരുടെ എണ്ണം ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ നിരക്ക് എത്രയാണെന്ന് വിവരം ലഭ്യമാക്കുമോ; | (എ) | മാനസിക വൈകല്യമുള്ളവരുടെ എണ്ണം ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തുകൊണ്ടുള്ള ആധികാരികമായ സമീപകാല കണക്കുകൾ ലഭ്യമല്ല. |
| (ബി) | സംസ്ഥാന സർക്കാർ രൂപം നൽകി അംഗീകരിച്ച മാനസികാരോഗ്യ നയത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പരിഷ്കരിച്ച സംസ്ഥാന മാനസികാരോഗ്യ നയം 2013 മെയ് 28-നാണ് പുറത്തിറക്കിയത്. മാനസികാരോഗ്യ സേവന മേഖലയുടെ നവീകരണം, സേവനങ്ങളുടെ ഗുണ നിലവാരം, മാനസികാരോഗ്യവുമായി ബന്ധ പ്പെട്ട അറിവും നൈപുണ്യങ്ങളും താഴെ തട്ടിൽ വരെ എത്തിക്കുക, മാനസികാരോഗ്യ പരിപാടിയുടെ വിപുലീകരണം, ഗ്രാമീണ തലത്തിൽ സബ് സെന്റർ തലം വരെയുള്ള പ്രവർത്തനങ്ങൾ, പുനരധിവാസ പരിപാടികൾ, മാനസികാരോഗ്യ പരിപോഷണം, വിവിധ മേഖലകളുമായുള്ള സഹകരണ ക്രോഡീ കരണം, ഗവേഷണം എന്നീ മേഖലകളിൽ ഊന്നൽ നൽകുന്നതാണ് മാനസികാരോഗ്യനയം. |
| (സി) | വിദ്യാർത്ഥികളിലും യുവാക്കളിലുമുള്ള മാനസികവൈകല്യം, ലഹരി വസ്തുക്കളുടെ ഉപയോഗം, ആത്മഹത്യകൾ മുതലായവ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ലഭിച്ച കണക്കുകൾ അറിയിക്കുമോ; | (സി) | യുവാക്കളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാന ത്തിൽ തദ്ദേശസ്വയം ഭരണവകുപ്പ് , ആരോഗ്യവകുപ്പ് , എക്സൈസ് വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, വിദ്യാഭ്യാസവകുപ്പ് എന്നിവയുടെ കീഴിൽ ലഹരി വിരുദ്ധ ബോധവൽകരണ ചികിത്സാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആരോഗ്യ വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന 'വിമുക്തി' പദ്ധതിയാണ് ഇതിൽ മുഖ്യം. മുൻപ് രാജ്യത്ത് തന്നെ ഏറ്റവും കൂടുതൽ ആത്മഹത്യാ നിരക്ക് ഉണ്ടായിരുന്ന കേരളം ഇപ്പോൾ നിരക്ക് കുറഞ്ഞ് അഞ്ചാം സ്ഥാനത്താണ്. 2019-- ലെ കണക്ക് പ്രകാരം കേരളത്തിലെ ആത്മഹത്യാ നിരക്ക് ലക്ഷത്തിൽ 24.3 ആണ്. ആത്മഹത്യാ നിരക്ക് കുറയ്ക്കുന്നത് ലക്ഷ്യം വച്ച് സർക്കാർ "ജീവരക്ഷ |

| | | | |
|---|---|---|---|
| | | | ആത്മഹത്യ പ്രതിരോധ പദ്ധതി' 2020 മുതൽ നടപ്പിലാക്കി വരുന്നുണ്ട് |
| (ഡി) | വിദ്യാലയങ്ങൾ തുറക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളിൽ മാനസികവൈകല്യമുള്ളവരെ കണ്ടെത്തി ആവശ്യമായ മുൻകരുതലും ചികിത്സയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം അറിയിക്കുമോ; | (ഡി) | മാനസിക ബുദ്ധിമുട്ടുകൾ. വൈകല്യങ്ങൾ എന്നിവയുള്ള കുട്ടികളെ നേരത്തെ തന്നെ കണ്ടെത്തുവാനും അവ പരിഹരിക്കുവാനും ആവശ്യമെങ്കിൽ ചികിത്സയിലേയ്ക്ക് എത്തിക്കുവാനും അധ്യാപകർക്ക് മാനസികാരോഗ്യ പരിപാടിയുടെ സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി പരിശീലനം നൽകി വരുന്നുണ്ട്. ഇതിനു പുറമേ പ്രശ്ന പരിഹാരത്തിനും, ചികിത്സയ്ക്കും, റഫറ ലിനും സ്കൂൾ കൗൺസിലർമാർക്ക് ജില്ലാ അടി സ്ഥാനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.<br>മാനസികാരോഗ്യപരിപാടിയുടെ 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട്'' സൈക്കോ സോഷ്യൽ സപ്പോർട്ട് പദ്ധതിയിൻ കീഴിൽ സ്കൂൾ കുട്ടികളെ ഫോണിൽ വിളിച്ച് സംസാരിക്കുകയും ആവശ്യമുള്ള കുട്ടികൾക്ക് കൗൺസിലിങ്ങ് സേവനം നൽകുകയും ചെയ്യുന്നു. ഇത് വരെ ഇപ്രകാരം 9,24,534 കുട്ടികളെ വിളിച്ച് സംസാരിക്കുകയും 98,843 കുട്ടികൾക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | സമഗ്ര മാനസികാരോഗ്യ പദ്ധതിയിലൂടെയും "ആശ്വാസം" വിഷാദരോഗ മാനേജ്മെന്റിന്റേയും ഭാഗമായി എന്തൊക്ക പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും പുതുതായി എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് രൂപം നൽകുന്നതെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ? | (ഇ) | മാനസികാരോഗ്യപരിപാടിയുടെ കീഴിലുള്ള സമഗ്ര മാനസികാരോഗ്യപദ്ധതി സാമൂഹിക അടിസ്ഥാന ത്തിലുള്ള പുനരധിവാസ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 28 പകൽവീടുകൾ പ്രവർത്തിച്ചുവരുന്നു. മാനസികാരോഗ്യ ചികിത്സയിൽ കഴിയുകയും എന്നാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നു കഴിയുകയും ചെയ്യുന്ന രോഗികളുടെ പുനരധിവാസം ലഭ്യമാക്കുന്ന പ്രവർത്തനങ്ങളാണ് പകൽവീടുകളുടേത്. രോഗി കൾക്കുള്ള തൊഴിൽ പരിശീലനം കൗൺസിലിംഗ് മറ്റ് മനഃശാസ്ത്ര ചികിത്സകൾ, മരുന്ന് ഭക്ഷണം ഇവയൊക്കെയും പകൽവീടുകളിൽ ലഭ്യമാക്കുന്നുണ്ട്. ഈ പദ്ധതി വിപുലമാക്കാനും, പഞ്ചായത്ത് അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ പങ്കാളി ത്തത്തോടെ കൂടുതൽ പകൽവീടുകൾ ആരംഭിക്കുവാനും ലക്ഷ്യമിടുന്നു.<br>"ആശ്വാസം" എന്ന പേരിൽ 2017 ലോകാരോഗ്യ ദിനത്തിൽ സംസ്ഥാനത്തെ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഷാദരോഗ ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. PHQ 9 എന്ന ചോദ്യാവലി ഉപയോഗിച്ച് വിഷാദ രോഗമുള്ളവരെ കണ്ടെത്തുവാനും മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുവാനുള്ള പരിശീലനം കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് വർക്കർമാർക്കും നഴ്സ്മാർക്കും നൽകുകയുണ്ടായി. വിഷാദ രോഗ |

| | | | |
|---|---|---|---|
| | | | നിർണ്ണയം, ചികിത്സ എന്നിവയ്ക്കുള്ള പരിശീലനം ഡോക്ടർമാർക്കും നൽകുകയുണ്ടായി. ജില്ലാ മാനസികാരോഗ്യ പരിപാടിയിലേക്ക് രോഗികളെ റഫർ ചെയ്യാനുള്ള സംവിധാനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെയായി 64,158 പേരെ സ്ക്രീൻ ചെയ്യുകയും, 11,926 പേരെ വിഷാദരോഗമുണ്ടെന്നു കണ്ടെത്തി ചികിത്സ ആരംഭിക്കുകയും ചെയ്തു. ഈ വർഷം 200 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കൂടി ആരംഭിക്കുവാനും 2023------24ലോട് കൂടി എല്ലാ കുടുംബാരോഗ്യ കേന്ദ്ര ങ്ങളിലും 'ആശ്വാസം' പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ